A

902

# സമഗ്ര ശിക്ഷാ, കേരളം

# പാദവാർഷിക മൂല്യനിർണ്ണയം 2024-25

## മലയാളം

## കേരളപാഠാവലി

ക്ലാസ് : 9

സമയം : 1½ മണിക്കൂർ

ആകെ സ്കോർ : 40

**നിർദേശങ്ങൾ**

- 15 മിനിറ്റ് സമാശ്വാസസമയമാണ്.
- ചോദ്യങ്ങൾ വായിക്കാനും ഉത്തരങ്ങൾ ക്രമപ്പെടുത്താനും ഈ സമയം വിനിയോഗിക്കണം.
- ചോദ്യങ്ങളും നിർദേശങ്ങളും ശ്രദ്ധാപൂർവം വായിച്ച് ഉത്തരമെഴുതണം.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.

---

**1 മുതൽ 5 വരെ ചോദ്യങ്ങളിൽ 4 എണ്ണത്തിന് ഉത്തരമെഴുതുക.**
**(1 സ്കോർ വീതം)** **(4 x 1 = 4)**

1. "വേണ്ട, ഞാൻ പൊയ്ക്കൊള്ളാം. എനിക്ക് ഒക്കെ മാറി." (അമ്മ)
വൃദ്ധ ടാക്സി ഡ്രൈവറോട് ഇങ്ങനെ പറഞ്ഞത് എന്തുകൊണ്ടാവാം?
    - അസുഖം മാറിയതിനാൽ.
    - കൈയിൽ പണമില്ലാത്തതിനാൽ.
    - തന്റെ ജീവിതാവസ്ഥ മറ്റുള്ളവർ അറിയാതിരിക്കാൻ.
    - മക്കൾ വീട്ടിൽ കാത്തിരിക്കുന്നതിനാൽ.

2. "പിന്നെന്തർക്കും പറഞ്ഞില്ലയോമലാൾ
തന്വിയാണവൾ <u>കല്ലല്ലിരുമ്പല്ല</u>." (സുകൃതഹാരങ്ങൾ)
അടിവരയിട്ട പ്രയോഗം സൂചിപ്പിക്കുന്നത് എന്ത്?
    - ഹൃദയത്തിന്റെ കാഠിന്യം.
    - മനസ്സിന്റെ അലിവ്.
    - ജലം കൊടുക്കാനുള്ള മടി.
    - ഭിക്ഷുവിനോടുള്ള ഇഷ്ടക്കുറവ്.

3. തന്നിരിക്കുന്നവയിൽ ശരിയായി വിഗ്രഹിച്ചെഴുതിയത് ഏത്?
    - ഹൃദയതാളം - ഹൃദയവും താളവും
    - ജീവിതമഹത്വം - ജീവിതത്തോടുള്ള മഹത്വം
    - കേരളസമൂഹം - കേരളത്താലുള്ള സമൂഹം
    - വികസനസങ്കല്പം - വികസനത്തെക്കുറിച്ചുള്ള സങ്കല്പം

(മറുപുറം)

4. "അദ്ദേഹം ആ കുട്ടിയാനയുടെ നെറ്റിയിലും ചെവിയിലും തട്ടി സാന്ത്വനപ്പെടുത്തി."

(ആനഡോക്ടർ)

ഈ സന്ദർഭത്തിൽ പ്രകടമാവുന്ന ഡോക്ടർ കെ.യുടെ സ്വഭാവസവിശേഷത എന്ത്?

- ആനകളെക്കുറിച്ചുള്ള ഭയം.
- ആനകളോടുള്ള ആത്മബന്ധം
- ആനകളെ ചികിത്സിക്കാനുള്ള മടി
- ആനകളോടുള്ള ഇഷ്ടക്കുറവ്

5. "കിളിക്കുണ്ടാകാശം കിളിക്കൂടായ്;അതി-
ലുറങ്ങുവാൻ വിടില്ലൊരു കിളിയെയും" (കിളിക്കൂട്)

ഈ വരികളുടെ ആശയത്തോട് യോജിക്കുന്ന പ്രസ്താവന ഏത്?

- കിളിയുടെ സ്വാതന്ത്ര്യം നിഷേധിക്കുന്നു.
- കിളിക്ക് കൂടുതന്നെ വേണം.
- കിളിയെ ഉറങ്ങാൻ അനുവദിക്കുന്നില്ല.
- കിളിയെ കൂട്ടിലിട്ട് വളർത്തണം.

**6 മുതൽ 8 വരെ ചോദ്യങ്ങളിൽ 2 എണ്ണത്തിന് രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക. (2 സ്കോർ വീതം) (2 X 2 = 4)**

6. "കോപമേലരുതേ ജലം തന്നാലും
പാപമുണ്ടാമിവളൊരു ചണ്ഡാലി"

(സുകൃതഹാരങ്ങൾ)

'കോപമേലരുതേ' എന്ന് മാതംഗി ഭിക്ഷുവിനോട് പറയുന്നതെന്തുകൊണ്ട്? രണ്ട് സൂചനകൾ എഴുതുക.

7. അർഥവ്യത്യാസം വരാതെ രണ്ടുവാക്യമാക്കി മാറ്റിയെഴുതുക.

ഡോക്ടർ കെ. ആനയുടെ വായിലെ ചുവന്ന ഭാഗത്ത് സൂചിയുടെ മുന എറിഞ്ഞ് തറപ്പിച്ചതിനു ശേഷം പമ്പ് പിടിപ്പിച്ച് മരുന്നു കടത്തി.

8. 
- കുട്ടി കളിപ്പാട്ടം ദൂരെക്കളഞ്ഞു.
- പോലീസിനെ കണ്ടപ്പോൾ കള്ളൻ ഓടിക്കളഞ്ഞു.

'കളഞ്ഞു'എന്ന പദത്തിന് രണ്ടുവാക്യസന്ദർഭങ്ങളിലും ഒരേ അർഥമാണോ? കണ്ടെത്തിയെഴുതുക.

(മറുപുറം)

9 മുതൽ 14 വരെ ചോദ്യങ്ങളിൽ 5 എണ്ണത്തിന് അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. (4 സ്കോർ വീതം) (5 x 4= 20)

9. "ജാതി ചോദിക്കുന്നില്ല ഞാൻ സോദരി,
ചോദിക്കുന്നു നീർ നാവുവരണ്ടഹോ
ഭീതിവേണ്ടാ തരികതെനിക്കു നീ." (സൂകൃതഹാരങ്ങൾ)

ബുദ്ധഭിക്ഷുവിന്റെ ഈ വാക്കുകൾ മാതംഗിയിൽ ഉളവാക്കിയ ചിന്തകൾ എന്തൊക്കെയാവാം? നിങ്ങളുടെ നിരീക്ഷണങ്ങൾ സമർഥിക്കുക.

10. "നിങ്ങൾക്കും ഒരമ്മയില്ലേ. ഈ വൃദ്ധയെ റോട്ടിൽ കിടത്തി മരിപ്പിക്കാനാണോ തന്റെ ഉദ്ദേശ്യം! മാറിനില്ക്കിൻ. ഞാനൊരു ടാക്സി വിളിക്കട്ടെ."

(അമ്മ)

ഈ വാക്കുകളിൽ പ്രകടമാവുന്ന ബോലേറാമിന്റെ മനോഭാവം വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

11. "പൂത്തിരി കത്തിച്ചെങ്ങളെ നൃത്തം
തത്തിക്കാനില്ലിനിയാരും."

(പുളിമാവു വെട്ടി)

"അമ്മതൻ മണിക്കുട്ടൻ പൂത്തിരി കത്തിച്ചപോ-
ലമ്മലർച്ചെണ്ടൊന്നൊടിച്ചാഹ്ലാദിച്ചടുത്തെത്തി."

(മാമ്പഴം)

മാമ്പൂക്കുലയെ വർണ്ണിക്കുമ്പോൾ 'പൂത്തിരി കത്തിച്ചപോൽ' എന്ന് പ്രയോഗിക്കുന്നതിന്റെ ഔചിത്യം എന്താണ്? രണ്ടുകാവ്യഭാഗങ്ങളും താരതമ്യം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

12 'ചെറിയ കാര്യങ്ങളിലൂടെ വലിയ ലോകത്തിന്റെ വിസ്മയങ്ങളിലേക്ക് വായനക്കാരെ നയിക്കുന്ന തമാശക്കഥ.' (പാത്തുമ്മായുടെ ആട് - ഒരു സത്യമായ കഥ)

പാത്തുമ്മായുടെ ആട് എന്ന നോവലിനെക്കുറിച്ചുള്ള പ്രൊഫ. എം.കെ. സാനുവിന്റെ ഈ നിരീക്ഷണത്തോട് നിങ്ങൾ യോജിക്കുന്നുണ്ടോ? സ്വാഭിപ്രായക്കുറിപ്പ് തയ്യാറാക്കുക.

13 "നീ പോയി ഒരു ബക്കറ്റ് വെള്ളം കൊണ്ടുവന്ന് അതിന്റെ കാതിൽ ഒഴിക്ക്. കുട്ടിയാണ്. കാത് നിലച്ചാൽ തലയ്ക്ക് ചൂട് കയറിയേക്കും."

(ആനഡോക്ടർ)

പാഠഭാഗത്തെ മറ്റു സന്ദർഭങ്ങൾ കൂടി പരിഗണിച്ച് ഡോക്ടർ കെ.യുടെ മൃഗങ്ങളോടുള്ള സമീപനത്തെക്കുറിച്ച് കുറിപ്പ് തയ്യാറാക്കുക.

14. "നഗരവൽക്കരണം പ്രകൃതിയുടെ സ്വാഭാവികതയെ മുടിക്കുന്നു; നഗരങ്ങൾ ഗ്രാമങ്ങളെ വിഴുങ്ങുകയും എച്ചിൽപ്പറമ്പുകളാക്കി മാറ്റുകയും ചെയ്യുന്നു."

(പ്രകൃതിപാഠങ്ങൾ)

ലേഖകന്റെ ഈ നിരീക്ഷണത്തോട് പ്രതികരിച്ച് കുറിപ്പ് തയ്യാറാക്കുക.

(മറുപുറം)

15 മുതൽ 17 വരെ ചോദ്യങ്ങളിൽ 2 എണ്ണത്തിന് ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. (6 സ്കോർ വീതം) (2 x 6 =12)

15. • 'പച്ചക്കറിയുമില്ല, വെള്ളവുമില്ല, ഇന്ന് തനിക്ക് പട്ടിണിതന്നെ.'

• 'അമ്മേ എന്ന ആ വിളികേട്ടപ്പോൾ വൃദ്ധയ്ക്കു കുറച്ചു ശക്തി വീണ്ടുകിട്ടിയപോലെ അനുഭവപ്പെട്ടു.' (അമ്മ)

സൂചനകളും കഥയിലെ മറ്റു സന്ദർഭങ്ങളും പരിഗണിച്ച് 'അമ്മ' എന്ന കഥാപാത്രത്തെ നിരൂപണം ചെയ്യുക.

16. • "പച്ചത്തണലും കൊത്തിയെടുത്തി-
ട്ടകലെപ്പാറിൻ പറവകളേ!
പട്ടയമാരും തന്നീലല്ലോ
നിങ്ങൾക്കിവിടെക്കുടിപാർക്കാൻ!" (പുളിമാവു വെട്ടി)

• 'പ്രകൃതിയെ തന്റെ സൗകര്യാർഥം സ്വന്തം നിർമ്മിതികളിലൂടെ മാറ്റിത്തീർത്താണ് മനുഷ്യൻ അവന്റെ ഭൗതികസൗകര്യങ്ങൾ വർധിപ്പിച്ചത്.'
(പ്രകൃതിപാഠങ്ങൾ)

പാഠസന്ദർഭങ്ങളും സമകാലികസാഹചര്യങ്ങളും മുൻനിർത്തി 'വീണ്ടെടുക്കാം പ്രകൃതിയെ; നമ്മളെയും' എന്ന വിഷയത്തിൽ മുഖപ്രസംഗം (എഡിറ്റോറിയൽ) തയ്യാറാക്കുക.

17. ആശയം, ആസ്വാദനാംശങ്ങൾ എന്നിവ പരിഗണിച്ച് കവിതയ്ക്ക് ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക.

ഒരു ദിവാസ്വപ്നം

ഉച്ചയൂണ് കഴിഞ്ഞുറങ്ങുമ്പോൾ
കൊച്ചുകുട്ടൻ കിനാവൊന്നു കണ്ടൂ
പേരറിയാത്തൊരു കാട്ടുപക്ഷി
ദൂരെയെങ്ങു നിന്നോ പറന്നെത്തീ.
പൂത്തുനില്ക്കുമിലഞ്ഞിതൻ കൊമ്പിൽ
കാട്ടുപക്ഷിതൻ പാട്ടു തുടങ്ങീ.
പാട്ടിനു നല്ല കൂട്ടായി മാറിൽ
ചേർത്തണച്ചൊരു ഗിത്താറ് മീട്ടീ.
"കാട്ടുപക്ഷീ, നിൻ പാട്ടെത്ര കേമം!
ആട്ടെ,യാരു നീ? - " യെന്നു ചോദിച്ചു.
കുട്ടനന്നേരം ഞെട്ടിയുണർന്നൂ!
കഷ്ടം! പക്ഷിയും സ്വപ്നവും മാഞ്ഞു.

(ഒ.എൻ.വി. കുറുപ്പ്)